**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **19-06-2013-ലെ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നമ്പർ. 2501**

**തൊഴിലാളികൾക്ക് ഉച്ച വിശ്രമം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.മുരളീധരൻ:<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.റ്റി.ജോർജ്ജ്:<br>ശ്രീ. സി.പി.മുഹമ്മദ്: | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് ഉച്ച വിശ്രമം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പദ്ധതിക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ പകൽ താപനില ഉയർന്നതിനാലും സൂര്യാഘാതം ഏറ്റ് പകൽ വെയിലത്ത് പണിയെടുക്കുന്നവർക്ക് അപകടം സംഭവിച്ചതിനെ തുടർന്ന് 1958-ലെ കേരളാ മിനിമം വേജസ് ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം ലേബർ കമ്മീഷണറിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പകൽ ജോലി സമയം 12 മണി മുതൽ 3 മണി വരെ വിശ്രമമുൾപ്പെടെ 12 മണിക്കൂറായി നിജപ്പെടുത്തുകയുണ്ടായി. ഏപ്രിൽ 8 മുതൽ മെയ് 15 വരെ ഇത്തരത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) കൊടും വെയിലത്ത് പണിയെടുക്കേണ്ടിവരുന്ന തൊഴിലാളികളുടെ സുരക്ഷയായിരുന്നു ലക്ഷ്യം. |
| (സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) പദ്ധതി അല്ലാത്തിനാൽ ബാധകമല്ല. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) നിയന്ത്രണം ഏർപ്പെടുത്തിയത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തുകയുണ്ടായി. 12 മണി മുതൽ 3 മണി വരെയുള്ള സമയത്ത് വെയിലത്ത് പണിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ട സ്ഥലങ്ങളിൽ ജോലി നിർത്തിവയ്ക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ